# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 2402

23.01.2014-ൽ മറുപടിക്ക്

## ഭവന നിർമ്മാണ പദ്ധതികൾ

**ചോദ്യം**

ശ്രീ. പി. ശ്രീരാമകൃഷ്ണൻ:

**ഉത്തരം**

ശ്രീ. കെ. എം. മാണി
(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് ഇപ്പോൾ ഏതെല്ലാം ഭവന നിർമ്മാണ പദ്ധതികളാണ് നിലവിലുള്ളത്;

(എ) ഭവന നിർമ്മാണ വകുപ്പ് മുഖേന നടപ്പിലാക്കുന്ന ഭവന നിർമ്മാണ പദ്ധതികൾ താഴെപ്പറയുന്നവയാണ്:

1. സാഫല്യം ഭവന പദ്ധതി.
2. ഗൃഹശ്രീ ഭവന പദ്ധതി.
3. എം.എൻ. ലക്ഷം വീട് പുനർ നിർമ്മാണ പദ്ധതി.
4. ഇന്നോവേറ്റീവ് ഭവന പദ്ധതി.
5. സർക്കാർ ഭൂമിയിൽ സർക്കാർ ജീവനക്കാർക്കുള്ള ഭവന പദ്ധതി.
6. പാരസ്പര്യ മാതൃകയിൽ ഫ്ലാറ്റ് നിർമ്മാണ പദ്ധതി.
7. പത്ര പ്രവർത്തക ഭവന പദ്ധതി.

(ബി) ഇവയുടെ സബ്സിഡി മാനദണ്ഡങ്ങൾ പദ്ധതി തിരിച്ച് വിശദമാക്കാമോ?

(ബി) സർക്കാർ സബ്സിഡിയോടുകൂടി നടപ്പിലാക്കുന്ന പദ്ധതികളിൽ സാഫല്യം ഭവന പദ്ധതി, ഗൃഹശ്രീ ഭവന പദ്ധതി എന്നിവയുടെ സർക്കാർ സബ്സിഡി തുക 2 ലക്ഷം രൂപ വീതമാണ്.

<u>എം.എൻ. ലക്ഷം വീട് പുനർ നിർമ്മാണ പദ്ധതി</u>

1972-76 കാലഘട്ടത്തിൽ നിർമ്മിച്ച ലക്ഷം വീടുകളുടെ പുനരുദ്ധാരണത്തിനായി

2007-08-ൽ ആരംഭിച്ച എം.എൻ. ലക്ഷം വീട് പുനരുദ്ധാരണ പദ്ധതി പ്രകാരം സർക്കാർ സബ്സിഡിയായി ജനറൽ വിഭാഗത്തിന് 75000 രൂപയും, പട്ടികജാതി വിഭാഗത്തിന് 1 ലക്ഷം രൂപയും, പട്ടിക വർഗ്ഗ വിഭാഗത്തിന് 1.25 ലക്ഷം രൂപയും അനുവദിച്ചു വരുന്നു.

<u>പത്രപ്രവർത്തക ഭവന പദ്ധതി</u>

1955- ലെ വർക്കിംഗ് ജേർണലിസ്റ്റ് ആക്റ്റിന്റെ പരിധിയിൽ വരുന്ന പത്ര പ്രവർത്തകർക്ക് സബ്സിഡി അനുവദിക്കുന്നതിന് നടപ്പിലാക്കിയ പദ്ധതിയാണ് പത്രപ്രവർത്തക ഭവന പദ്ധതി. ദേശസാൽകൃത ബാങ്കുകളിൽ നിന്നും വായ്പയെടുത്ത് കെട്ടിടം പണിയുന്ന/വാങ്ങുന്ന പത്രപ്രവർത്തകർക്ക് 50,000/- രൂപ ഹൗസിംഗ് ലോൺ അക്കൗണ്ടിൽ സബ്സിഡിയായി കുറവു ചെയ്തു കൊടുക്കുന്നതാണ്. ടി തുക 05.11.2013-ലെ (എം.എസ്).നം. 42/13/ഭവനം നമ്പർ സർക്കാർ ഉത്തരവു പ്രകാരം 1 ലക്ഷം രൂപയായി വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ